നം.എച്ച്2/52222/2010/ഡി.പി.ഐ.

പൊതുവിദ്യാഭ്യാസ ഡയറക്റ്ററുടെകാര്യാലയം,
തിരുവനന്തപുരം, തീയതി 18.08.2010.

**സർക്കുലർ.**

വിഷയം;- പൊതുവിദ്യാഭ്യാസം - എയിഡഡ്.എൽ.പി./യു.പി. വിഭാഗം അദ്ധ്യാപകരുടെ സീനിയോറിറ്റി - സംബന്ധിച്ച്.

സൂചന - 1. ഗവൺമെന്റ് ഉത്തരവ് നമ്പർ )പി)/188/2000/പൊ.വി. തീയതി 08.06.2000/പൊ.വി. ത ീയതി 08.06.2000.
2. കെ.പി.എസ്.ടി.യു. പ്രസിഡന്റിന്റെ നിവേദനം.

സൂചിത ഉത്തവ് ഒന്ന് പ്രകാരം എൽ.പി.എസ്.എ./യു.പി.എസ്.എ. വിഭാഗങ്ങൾക്ക് ടി.ടി.സി. അടിസ്ഥാന ട്രെയിനിംഗ് യോഗ്യതായായി അംഗീകരിക്കുകയും യു.പി. വിഭാഗത്തിൽ ടി.ടി.സി.ക്കാരോടൊപ്പം ബി.എഡ് കാരെക്കൂടി പരിഗണിയ്ക്കാമെന്ന് ഉത്തരവാകുകയുണ്ടായി.

08.06.2000-ൽ പ്രസ്തുത ഭേദഗതിയ്ക്ക് മുൻപ് ടി.ടി.സി./ബി.എഡ് ഭേദമില്ലാതെ എൽ.പി./യു.പി. വിഭാഗങ്ങളിൽ അദ്ധ്യാപകരെ നിയമിക്കുകയും പ്രസ്തുത നിയമനങ്ങൾ അംഗീകരിയ്ക്കുകയും ചെയ്തിട്ടുണ്ട്.

എന്നാൽ സൂചിത ഉത്തരവിലെ ഭേദഗതിമൂലം 08.06.2000-ന് മുൻപ് സർവ്വീസിൽ കയറിയ അദ്ധ്യാപകരെ തസ്തിക നിർണ്ണയ സമയത്ത് പുറത്താക്കിയതായി ശ്രദ്ധയിൽപ്പെടുകയുണ്ടായി.

ഈ സാഹചര്യത്തിൽ 08.06.2000-ന് മുൻപ് സർവ്വീസിൽ കയറിയ അദ്ധ്യാപകരെ എൽ.പി/യു.പി. ഭേദമന്യേ തസ്തിക നഷ്ടപ്പെടുന്ന അവസരത്തിൽ പൊതു സീനിയോറിറ്റിയുടെ അടിസ്ഥാനത്തിൽ ഏറ്റവും ജൂനിയറായ അദ്ധ്യാപകരെ മാത്രമേ പുറത്താക്കാൻ പാടുള്ളൂ എന്ന് നിർദ്ദേശിക്കുന്നു.

പൊതുവിദ്യാഭ്യാസ ഡയറക്റ്റർ.

എല്ലാ വിദ്യാഭ്യാസ ഉപഡയറക്റ്റർമാർക്കും.
ജില്ലാ/ഉപജില്ലാ വിദ്യാഭ്യാസ ആഫീസർമാർക്കും.} വിദ്യാഭ്യാസ ഉപഡയറക്ടർ മുഖേന.

വി.ജി.20.08.